DESPATCH
On..18/12/21...

10/12/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **CP 419(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.9682/SIC-Gen4/2021**

സന്നിഹിതൻ

ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ഡിസംബർ 10

ശ്രീ. വിജയൻ പി.,
വിജയ്,
നിയർ മുൻസിഫ് കോർട്ട്,
പി.ഒ. തളിപ്പറമ്പ്, കണ്ണൂർ - 670 141.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സബ് രജിസ്ട്രാർ,
സബ് രജിസ്ട്രാറുടെ കാര്യാലയം, കല്ല്യാശ്ശേരി,
കല്ല്യാശ്ശേരി പി.ഒ., കണ്ണൂർ ജില്ല - 670 562.
} എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 3.8.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 11.8.2021 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 18.8.2021 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 25.8.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.9.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 1.10.2021 |
| ഹിയറിംഗ് (വീഡിയോ/ഓഡിയോ) തീയതി | 11.11.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി (ഓഡിയോ)<br>ഹാജരായി |

## ഉത്തരവ്

ശ്രീ. വിജയൻ പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം തേടിയ വിവരം എതിർകക്ഷി തടഞ്ഞ് വച്ചിരിക്കുകയാണെന്നും ആയത് സൗജന്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ശ്രീമതി. അനിത എം., W/o മഠത്തിൽ വളപ്പിൽ രാജൻ എന്നവരുടെ

ഓഫീസിൽ 1989 മുതൽ 2018 വരെയുള്ള (30 വർഷം) രജിസ്റ്ററിൽ ചെയ്തിട്ടുള്ള ആധാരങ്ങളുടെ വിവരം (കല്ല്യാശ്ശേരി വില്ലേജിൽപ്പെട്ട ഭൂമിക്ക് മാത്രം) വിവരാവകാശ നിയമ പ്രകാരം ലഭ്യമാക്കണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 11.8.2021–ന് എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ക്രോഡീകരിച്ച രീതിയിൽ സൂക്ഷിക്കുന്നവ അല്ലെന്നും ഒരു വ്യക്തി എഴുതി കൊടുത്തതോ എഴുതി വാങ്ങിയതോ ആയ വസ്തുവിന്റെ വിവരങ്ങൾ അറിയണമെങ്കിൽ വില്ലേജ്/ദേശം അടിസ്ഥാനത്തിലുള്ള ഇൻഡക്സുകളും കമ്പ്യൂട്ടർ രേഖകളും പരിശോധിച്ചാൽ മാത്രമേ ലഭ്യമാകുകയുള്ളൂ എന്നും ആയതിന് ഹർജിക്കാരൻ ആവശ്യപ്പെട്ട കാലയളവിൽ എതിർകക്ഷി ഓഫീസിൽ രജിസ്റ്റർ ചെയ്ത എല്ലാ ആധാരങ്ങളും പരിശോധിച്ച് കണ്ടെത്തേണ്ടതുണ്ടെന്നും അപ്രകാരം വിവരങ്ങൾ തെരഞ്ഞു പിടിച്ച് ക്രോഡീകരിച്ച് നൽകുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ലാത്തതും അപ്രകാരം നടപടി സ്വീകരിക്കുന്നത് എതിർകക്ഷി ഓഫീസിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതുമാണെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ സാധിക്കുകയില്ലെന്നാണ്.

4. കമ്മീഷൻ മുമ്പാകെ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന പേരും മേൽവിലാസവും വച്ചുകൊണ്ട് കല്ല്യാശ്ശേരി വില്ലേജിൽ ഭൂമി സംബന്ധിച്ച് രജിസ്റ്റർ ചെയ്ത 1989 മുതൽ 2018 വരെയുള്ള 30 വർഷക്കാലത്തെ റിക്കാർഡുകൾ പരിശോധിച്ച് ഒരു ലിസ്റ്റ് സർട്ടിഫിക്കറ്റ് തയ്യാറാക്കിയാൽ മാത്രം നൽകാൻ പറ്റുന്ന വിവരമാണെന്നും പ്രസ്തുത ലിസ്റ്റ് സർട്ടിഫിക്കറ്റ് എതിർകക്ഷി ഓഫീസിൽ നിലവിൽ ഉള്ള ഒന്നല്ല അത് ഹർജിക്കാരൻ അപേക്ഷയിൽ തന്ന വിവരങ്ങൾ വച്ചുകൊണ്ട് പ്രത്യേകം തയ്യാറാക്കേണ്ടതാണെന്നും ഫലത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം പല റിക്കാർഡുകളിൽ ചിതറികിടക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് ലിസ്റ്റ് ഉണ്ടാക്കിയാൽ മാത്രമേ ഒരാളുടെ പേരിൽ എത്ര ഭൂമി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട് എന്ന് കണ്ടുപിടിക്കാൻ കഴിയുകയുള്ളു എന്നും അത്തരം ഒരു കാര്യം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരില്ല എന്നും ആയത് ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ടത് 1989 മുതൽ 2018 വരെയുള്ള 30 വർഷക്കാലത്തെ എതിർകക്ഷി ഓഫീസിലെ പല റിക്കാർഡുകളിലായി ചിതറികിടക്കുന്ന വിവരങ്ങൾ ആണെന്നു കാണുന്നു. ഏകദേശം 30 വർഷത്തെ വിവരങ്ങൾ പല ഫയലുകളിൽ നിന്നും രജിസ്റ്ററുകളിൽ നിന്നും കണ്ടെത്തി ശേഖരിച്ച് ക്രോഡീകരിച്ച് നൽകുക എന്നത് സബ് രജിസ്ട്രാർ ഓഫീസ് പോലുള്ള വളരെ തിരക്കേറിയ പൊതു അധികാരസ്ഥാനത്തിൽ നിന്നും

മറ്റ് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളെ താളം തെറ്റിക്കാനിടവരും. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും നേരിട്ട് പരിശോധിച്ച് കണ്ടെത്തുന്നതിന് ഹർജിക്കാരന് എതിർകക്ഷി ഒരിക്കൽ കുടി അവസരം നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. സർക്കാർ ഫീസ് ഏർപ്പെടുത്തിയിട്ടുള്ള രേഖകളുടെ പകർപ്പുകൾക്ക് പകർപ്പ് ഫീ ആയി വിവരാവകാശ നിയമ പ്രകാരം ഈടാക്കേണ്ടുന്ന തുക മാത്രമേ ഈടാക്കാവൂ എന്ന് സർക്കാർതലത്തിൽ വ്യക്തമായ നിർദ്ദേശം പുറപ്പെടുവിക്കുന്നതിന് 4.2.2019-ലെ AP 2281(1)/2018/SIC നമ്പർ ഉത്തരവ് പ്രകാരം പൊതു ഭരണ വകുപ്പ് സെക്രട്ടറിക്ക് കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നതാണ്. എന്നാൽ മേൽ കമ്മീഷൻ ഉത്തരവിനെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 35173/2019 (V) നമ്പർ കേസിൽ ബഹു. ഹൈക്കോടതി 20.12.2019-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം മേൽ പരാമർശിച്ച 4.2.2019-ലെ കമ്മീഷൻ ഉത്തരവ് സ്റ്റേ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള WP(C) 35173/2019 (V) നമ്പർ കേസിലെ അന്തിമ വിധിക്ക് വിധേയമായി നിലവിൽ വിവരാവകാശ നിയമ പ്രകാരം നിശ്ചയിച്ച ഫീസ് മാത്രമേ ഈടാക്കാവൂ എന്ന് നിർദ്ദേശിച്ചു കൊണ്ട് ഈ പരാതി ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 10-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk